പാലക്കാട് നഗരത്തിന്റെ മാസ്റ്റർ പ്ലാൻ

157 (449) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നഗരത്തിന്റെ നിലവിലെ മാസ്റ്റർ പ്ലാൻ പ്രാബല്യത്തിൽ വന്നത് എന്നു മുതലാണ് എന്നറിയിക്കുമോ;

(ബി) മാസ്റ്റർ പ്ലാൻ പുതുക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പുതുക്കിയ മാസ്റ്റർ പ്ലാൻ എന്നത്തേക്ക് പ്രാബല്യത്തിൽ വരുത്താൻ കഴിയുമെന്ന് അറിയിക്കുമോ;

(ഡി) അയ്യപുരം-രാമനാഥപുരം വിശദ നഗരാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശത്ത് കെട്ടിടനിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നുണ്ടോ;

(ഇ) പാലക്കാട് നഗരത്തിന്റെ നിലവിലെ മാസ്റ്റർ പ്ലാൻ പ്രാബല്യത്തിൽ വന്നശേഷം ഈ പ്രദേശത്ത് എത്ര വീടുകൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട് എന്നറിയിക്കുമോ; അനുമതി പത്രങ്ങളുടെ നമ്പരും തീയതിയും ലഭ്യമാക്കുമോ;

(എഫ്) എത്ര അപേക്ഷ നിരസിക്കപ്പെട്ടിട്ടുണ്ട്; നിരസിക്കപ്പെട്ട അപേക്ഷകരുടെ പേരു വിവരം ലഭ്യമാക്കുമോ;

(ജി) ഈ പ്രദേശത്ത് നിർമ്മാണാനുമതി നൽകുന്നത് നിർത്തിവച്ചത് എന്നുമുതലാണ് എന്നറിയിക്കുമോ; ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് നഗരത്തിന്റെ നിലവിലെ മാസ്റ്റർ പ്ലാൻ 20-11-1986-ലെ G.O.(Ms) No.236/86/LAD പ്രകാരമാണ് നിലവിൽ വന്നത്. തുടർന്ന് പ്രസ്തുത സ്കീമിന്റെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പരിഷ്ക്കരിച്ചുകൊണ്ട് 11-11-2009-ലെ G.O.(Ms) No.210/09/LSGD ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) 13-11-08-ലെ G.O.(Rt) No.3982/08/LAD പ്രകാരം 32 നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിൽ പാലക്കാട് ടൗണിന്റെ ഡെവലപ്പ്മെന്റ് പ്ലാനും ഉൾപ്പെടുന്നു. പ്രസ്തുത ഡെവലപ്മെന്റ് പ്ലാൻ പുതുക്കുന്നതിനുള്ള ജോലികൾ സമയബന്ധിതമായി ചെയ്തുവരുന്നു. സാമൂഹിക സാമ്പത്തിക സർവ്വേ, ഭൂവിനിയോഗ മാപ്പ് എന്നിവ പൂർത്തീകരിച്ച് സ്ഥലപര അവലോകനം ചെയ്തുവരുന്നു.

(സി) പാലക്കാട് നഗരത്തിന്റെ പുതുക്കിയ ഡെവലപ്പ്മെന്റ് പ്ലാനിന്റെ കരട് 2011-ൽ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 22-8-2008-ലെ G.O.(Ms) No.10/88/LAD പ്രകാരം സർക്കാർ അംഗീകരിച്ച അയ്യപുരം-രാമനാഥപുരം വിശദനഗരാസൂത്രണ പദ്ധതിയിലെ നിബന്ധനകൾക്കു വിധേയമായി ഈ പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നുണ്ട്.

(ഇ-ജി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly